**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2265** **30-09-2025 - ൽ മറുപടിയ്ക്ക്**

**കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, കണ്ണൂർ മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ റീജിയണൽ കാൻസർ സെന്ററുകളുടെ രജിസ്ട്രി പ്രകാരം 2025 ജനുവരി 01 മുതൽ നാളിതുവരെ 10,599 പുതിയ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ഈ രോഗത്തെ തടയുന്നതിനായി കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | വർദ്ധിച്ചു വരുന്ന കാൻസർ രോഗബാധയെ തടയുന്നതിനുള്ള പ്രതിരോധം ഒരുക്കുന്നതിനായി കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ സംസ്ഥാന സർക്കാർ അംഗീകരിച്ച് പുറത്തിറക്കുകയുണ്ടായി. ഈ ആക്ഷൻ പ്ലാൻ പ്രകാരം അർബുദ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെ അടിസ്ഥാനത്തിൽ പല തലങ്ങളായി തിരിക്കുകയും ഓരോ തലത്തിലും ഉള്ള ആശുപത്രികൾക്ക് വേണ്ട മാനദണ്ഡങ്ങൾ പ്രഖ്യാപിക്കുകയും സാധാരണയായി കണ്ടു വരുന്ന കാൻസർ രോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള ഒരു ഏകീകൃത പ്രോട്ടോക്കോൾ തയ്യാറാക്കുകയും ചെയ്തു. കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കുന്ന ഒരു കാൻസർ കെയർ ഗ്രിഡും ജില്ലാ തലത്തിൽ തയ്യാറാക്കിയിട്ടുള്ളതു കൂടാതെ കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു കാൻസർ കെയർ ബോർഡും രൂപീകരിക്കുകയുണ്ടായി.<br><br>കാൻസർ കൺട്രോൾ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ പ്രകാരം പി.എച്ച്.സി, സി.എച്ച്.സി തലങ്ങളിൽ കാൻസർ awareness class എടുക്കുകയും കാൻസർ സ്ക്രീനിംഗ് പ്രോഗ്രാമുകൾ നടത്തുകയും, കാൻസർ ആദ്യ സ്റ്റേജുകളിൽ തന്നെ കണ്ടു പിടിക്കുവാനും, കാൻസർ ഉണ്ടാകാൻ സാധ്യതയുള്ള High risk ആളുകളെ കണ്ടെത്തുകയും ചെയ്യുന്നു. ഇവരുടെ തുടർ പരിശോധനകളും ചികിത്സയും സർക്കാർ ആരോഗ്യ |

കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്നതു കൂടാതെ ഈ രോഗികളുടെ ഡാറ്റാ കളക്ഷനും ഈ പ്ലാൻ വഴി നടത്തുന്നുണ്ട്. അതോടൊപ്പം തന്നെ കാൻസർ രോഗങ്ങളുടെ Early Detection Strategy പ്രോഗ്രാമുകളായ പൊതുജനങ്ങൾക്കായുള്ള കാൻസർ ബോധവൽക്കരണ പരിപാടികൾ, ക്ലാസ്സുകൾ (Symposium), ഗർഭാശയഗള കാൻസർ മുൻകൂട്ടി കണ്ടെത്താനുള്ള പാപ്സ്മിയർ, കോൾപോസ്കോപ്പി പരിശോധന, സ്തനാർബുദം കണ്ടെത്തുന്നതിനായുള്ള Clinical Breast Examination, Mammogram Test എന്നിവയും മെഡിക്കൽ കോളേജുകളിൽ നടത്തി വരുന്നു.

അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള സി.റ്റി സ്കാൻ, എം.ആർ.ഐ സ്കാൻ, PET സ്കാൻ, SPECT സ്കാൻ, മാമോഗ്രാഫി മുതലായ ആധുനിക വൈദ്യശാസ്ത്ര പരിശോധനാ സൗകര്യങ്ങൾ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ (RCC) മാതൃകയിൽ മിനി RCC യായും പ്രവർത്തിക്കുന്നുണ്ട്.

കാൻസറിനെപ്പറ്റിയുള്ള അവബോധ ക്ലാസുകൾ, കാൻസർ പ്രാരംഭ ദിശകൾ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ ഒരുക്കി കാൻസർ തുടക്കത്തിൽ തന്നെ കണ്ടെത്തുക, കാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളേയും ജില്ല ആശുപത്രികളേയും ജനറൽ ആശുപത്രികളേയും താലൂക്ക് ആശുപത്രികളേയും ഉൾപ്പെടുത്തി Cancer Care Grid രൂപീകരിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

കാൻസറിനെപ്പറ്റിയുള്ള അവബോധവും രോഗനിർണ്ണയവും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ കാൻസർ നിയന്ത്രണപദ്ധതിയും (DCCP- District Cancer Control Programe) ആരംഭിച്ചിട്ടുണ്ട്. അതാത് പഞ്ചായത്തുകളുടെ സഹകരണത്തോടെ ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്തുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ കാൻസർ

| | | | |
|---|---|---|---|
| | | | നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും കാൻസർ ചികിൽസിക്കുന്നതിനു മുന്നോടിയായുള്ള പരിശീലന പരിപാടികളും ആർ.സി.സി-യിൽ കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്നു. ആർ.സി.സിയുടെ നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്നു കഴിഞ്ഞു. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം എൽ എസ് പി (Mid Level Service Provider) മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കുമുള്ള പരിശീലനം കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽവച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ആരംഭഘട്ടത്തിൽ പ്രധാനപ്പെട്ട കാൻസർ (സ്തനം, ഗർഭാശയഗളം, വായ) രോഗത്തിനുള്ള ചികിത്സക്കുള്ള സൗകര്യങ്ങൾ അവരവരുടെ ജില്ല - താലൂക്ക് ആശുപത്രികളിൽ തന്നെ ഒരുക്കുവാനുള്ള പദ്ധതിയും ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 25.05.2024 ലെ സ.ഉ(കൈ) നം. 96/2024/ ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ ബോർഡിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി, റീജിയണൽ കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (എൻ.എച്ച്.എം), കാൻസർ രോഗ വിദഗ്ധർ എന്നിവർ ഉൾപ്പെടുന്നു. കാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ടുള്ള സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയെന്നത് ഈ ബോർഡിന്റെ പ്രധാന ചുമതലയാണ്. ചികിത്സ നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും ട്യൂമർ ബോർഡ് രൂപീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കാൻസറിനെതിരെ ഫലപ്രദമായ പ്രതിരോധം സൃഷ്ടിക്കുന്നതിന് ഈ നടപടികൾ സഹായകമാകുന്നതാണ്. |
| (ഡി) | നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ക്യാൻസർ കണ്ടെത്തുന്നതിനുള്ള ഇമേജിംഗ് പരിശോധനകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പെറ്റ് സ്കാൻ, സ്പെക്ട് സ്കാൻ, മാമോഗ്രാഫി, മുതലായ 7 അത്യാധുനിക ചികിത്സ സൗകര്യങ്ങൾ വിവിധ |

സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

നൂതന റേഡിയേഷൻ ചികിത്സ നൽകുന്നതിനായി High Energy Linear Acceleration (LINAC) മെഷീനുകൾ, Telecobalt മെഷീൻ, ബ്രാക്കി തെറാപ്പി സൗകര്യങ്ങൾ റേഡിയേഷൻ ചികിത്സ കൃത്യമായി പ്ലാൻ ചെയ്യുന്നതിനുള്ള സി.റ്റി സിമുലേറ്ററുകളും മെഡിക്കൽ കോളേജിൽ നിലവിലുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സയ്ക്കായുള്ള 3DCRT, IMRT, Arc therapy എന്നിവ നൽകി വരുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 2022 ൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചുകൊണ്ട് സർജിക്കൽ ഓങ്കോളജിയും മറ്റു ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് ആധുനിക ക്യാൻസർ ശസ്ത്രക്രിയകൾ നടത്തി വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ ആധുനിക ലീനിയർ ആക്സിലറേറ്ററിന് ആവശ്യമായ KMSCL rate contract ഉള്ള 27 കോടി രൂപയുടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിൽ 8.5 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. HDR മെഷീൻ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. BMT യ്ക്കായി 1.5 കോടി അനുവദിച്ചിട്ടുണ്ട്. കൂടാതെ സർജിക്കൽ ഓങ്കോളജിക്ക് ആധുനിക സർജിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ത്രിതല കാൻസർ സെന്റർ നിലവിൽ വന്ന റേഡിയേഷൻ ഓങ്കോളജിയിൽ അതിനൂതനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു. ബ്രാക്കി തെറാപ്പിയിൽ ആവശ്യമായ ഇൻട്രാ ഓപ്പറേറ്റീവ് ബ്രാക്കി തെറാപ്പി ഇവിടെ ചെയ്യുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ ക്യാൻസർ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള ഭാഗമായി അതി നൂതനമായ റേഡിയേഷൻ ചികിത്സ ഉപകരണങ്ങളായ Telecobalt (2021), High Energy Linear Accelerator (2022), CT Stimulator (2024), Treatment Planning System High Precision, State of the Art റേഡിയേഷൻ

ചികിത്സയ്ക്കായി പ്രവർത്തനം ആരംഭിച്ചു. ടി സംവിധാനങ്ങൾ വഴി നൂതന റേഡിയേഷൻ ചികിത്സാ രീതികളായ 3DCRT, IMRT, Arc Therapy, എന്നിവ നൽകുന്നു. ഈ ചികിത്സാ രീതികൾ സർക്കാർ സ്കീമുകളായ KASP, KBF, MEDISEP, ESI, എന്നിവയിൽ കൂടി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു. ഈ സ്കീമുകൾ വഴി വിലയേറിയ ക്യാൻസർ മരുന്നുകൾ സൗജന്യമായി നൽകുന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് ഓങ്കോളജി 2022 ൽ മെഡിക്കൽ കോളേജിൽ ആരംഭിച്ചു.

തിരുവനന്തപുരം ആർ.സി.സി യിൽ ന്യൂറോ എൻഡോക്രൈൻ ട്യൂമറും പ്രോസ്റ്റേറ്റ് കാൻസറും കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സിഎസ്ആർ ഫണ്ട് ഉപയോഗിച്ച് 50 ലക്ഷം രൂപ ചെലവിൽ ഗാലിയം ജനറേറ്റർ, K.S.I.D.C ധനസഹായത്തോടെ അതിനൂതന ചികിത്സ രീതിയായ DOTADATE/PSMA സ്കാനുകളിലൂടെ കണ്ടുപിടിക്കുന്ന ന്യൂറോ എൻഡോക്രൈൻ /പ്രോസ്റ്റേറ്റ് കാൻസറുകൾക്ക് ലൂട്ടീഷ്യം ചികിത്സ നൽകുന്ന സംവിധാനം, ബഹു: മുൻ രാജ്യസഭാ എം.പിയായ ശ്രീ. സി പി നാരായണന്റെ വികസന ഫണ്ടിൽ നിന്നും 2.60 കോടി ചിലവഴിച്ച് പ്രോസ്റ്റേറ്റ് കാൻസർ ഉൾപ്പെടെ യൂറോ-ഓങ്കോളജി റേഡിയേഷൻ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് 'ഇറിഡിയം' ഉപയോഗിച്ച് ബ്രാക്കിതെറാപ്പി നൽകുന്ന സംവിധാനമായ യൂറോ-ബ്രാക്കിതെറാപ്പി യൂണിറ്റ് തുടങ്ങിയ കാൻസർ ചികിത്സ കൃത്യതയുള്ളതാക്കാൻ സഹായിക്കുന്ന അത്യാധുനിക ഉപകരണങ്ങളും, പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ സി.എസ്.ആർ ഫണ്ടുപയോഗിച്ച് 20 കോടി രൂപ ചെലവിൽ ഒരു റിംഗ് ഗാൻട്രി (ഹാൽസിയോൺ) ലീനിയർ ആക്സിലറേറ്റർ, വയറ്റിനുള്ളിൽ കീമോതെറാപ്പി മരുന്ന് ഒരു പ്രത്യേക താപനിലയിൽ നിറയ്ക്കുന്ന 1.32 കോടി രൂപ ചെലവിൽ സജ്ജമാക്കിയിട്ടുള്ള ഹൈപെക് ചികിത്സാ സംവിധാനം എന്നിവ ആർ സി സി യിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 19.5 കോടി മുടക്കി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 3T MRI സ്കാൻ, 2.5 കോടി രൂപ മുടക്കി 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവയും സ്ഥാപിച്ചു.

അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിംഗ് സംവിധാനവും, രോഗികളുടെ സാമ്പിൾ

സ്വീകരിക്കുന്നതു മുതൽ റിപ്പോർട്ട് നൽകുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ തത്സമയം നിരീക്ഷിക്കാനും പരിശോധനകൾ പൂർണ്ണമായും ആട്ടോമേറ്റഡ് ആയി നിർവ്വഹിക്കാനുമുള്ള സംവിധാനവും ഒരുകോടിയോളം രൂപ ചെലവിട്ട് ആർസിസിയിൽ ആരംഭിച്ചിട്ടുണ്ട്.

സമഗ്രവും അത്യാധുനികവുമായ അർബുദ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി എം.സി.സി യിൽ റോബോട്ടിക് സർജറി സംവിധാനം ഒരുക്കിയിട്ടുണ്ട്. ആർ.സി.സിയിൽ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, 30 കോടി രൂപ ചെലവിൽ ആരംഭിച്ച റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റിന്റെ ഉദ്ഘാടനം 15.01.2024 ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഈ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ഇതുവരെ 35 സർജറികൾ ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തേതും സൗത്ത് ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണ് ആർ സി സി യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേസമയം രണ്ട് സർജന്മാർക്കു ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

മലബാർ കാൻസർ സെന്റർ (എം.സി.സി-പി.ജി.ഐ.ഒ.എസ്.ആർ) ലെ വിവിധ ചികിത്സാ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തലച്ചോർ, സുഷുമ്നനാഡിയുമായി ബന്ധപ്പെട്ട അർബുദശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചു.

2. കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സ വിഭാഗമായ ഒക്യൂലർ ഓങ്കോളജി ആരംഭിച്ചു.

3. രോഗ ബാധിത കോശങ്ങളെ സംഭരിച്ചു ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ബയോ ബാങ്ക് സംവിധാനം സജ്ജീകരിച്ചു.

4. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി സംവിധാനം ഏർപ്പെടുത്തി.

5. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽദ്വാര ശാസ്ത്രക്രീയാരീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ ഏർപ്പെടുത്തി.

| | | | |
|---|---|---|---|
| | | | 6. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പത്തോളജി ലാബ് സെറ്റ് അപ്പ് ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.<br><br>7. പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജലശുദ്ധീകരണ പ്ലാന്റും, 3 Tesla MRI, Dexa Scan, Gallium Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണയ സംവിധാനങ്ങളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.<br><br>8. കിഫ്ബി ഒന്നാം ഘട്ടത്തിൽ 4 നിലകളിലായി ഏകദേശം 97000 ചതുരശ്ര അടി വിസ്തീർണത്തിൽ ട്രീറ്റ്മെന്റ് ആൻഡ് അക്കാദമിക് ബ്ലോക്ക് പൂർത്തിയായി.<br><br>9. കിഫ്ബി രണ്ടാം ഘട്ടത്തിൽ 14 നിലകളിലായി ഏകദേശം 5 ലക്ഷത്തിനു മേൽ ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 11 ഓപ്പറേഷൻ തിയേറ്റർ, മറ്റ് ആധുനിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമാണം പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ